# CHENGALAM
# ST. THOMAS CHURCH



**കോ**ട്ടയം ചെറിയപള്ളി ഇടവകാംഗങ്ങളായി ചെങ്ങളം, ഒളശ്ശ, അയ്മനം, കുമ്മനം എന്നീ കരകളിൽ താമസിച്ചിരുന്ന സത്യവിശ്വാസികളായ യാക്കോബായ സുറിയാനി ക്രിസ്ത്യാനി കുടുംബാംഗങ്ങൾക്ക് യാത്രാ സൗകര്യങ്ങൾ കുറവായതിനാൽ കടപ്പെട്ട ദിവസങ്ങളിൽ പോലും പള്ളിയിൽ പോകുന്നത് പ്രയാസമായിരുന്നു. തന്മൂലം 18–ാം നൂറ്റാണ്ടിലെ 60–കളിൽ ചെങ്ങളം കരയിൽ സ്വന്തമായി ഒരു ദേവാലയം നിർമ്മിക്കണമെന്ന് ആഗ്രഹമുണ്ടായി. ഈ ആഗ്രഹനിവൃത്തിക്കായി 1861 മേയ് മാസം 15–ന് (1036 മേടം 31) ചെങ്ങളം കരയിൽപ്പെട്ട ഏതാനും സത്യവിശ്വാസികൾ ചേർന്ന് മലങ്കരയിലെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ സമക്ഷം പള്ളി സ്ഥാപിക്കുന്നതിന് അനുവാദ കൽപ്പനയ്ക്കായി അപേക്ഷ ബോധിപ്പിച്ചു. പള്ളി സ്ഥാപിക്കുന്നതിന് ചെങ്ങളം കുന്നുംപുറത്ത് ഒരേക്കർ 58 സെന്റ് വിസ്തീർണ്ണം വരുന്ന സ്ഥലം പുളിക്കപ്പറമ്പിൽ ഉണിച്ചി 1893 ഒക്ടോബർ 25–ന് (1078 തുലാം 7) മേൽപ്പടി സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ചെങ്ങളം സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിക്ക് ഇഷ്ടദാനമായി കൊടുത്തു.

അഭിവന്ദ്യ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കൽപ്പനപ്രകാരം 1036 കർക്കടകം 3–ാം തീയതി മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ ദിവസം ദിവ്യശ്രീ കൈതയിൽ കുര്യൻ മല്പാൻ അച്ചൻ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ഇപ്പോൾ പണിതിരിക്കുന്ന സ്ഥലത്തുനിന്നും ഏതാനും അടി തെക്കോട്ട് മാറി ഓലമേഞ്ഞ ഒരു താൽക്കാലിക ഷെഡായിരുന്നു ആദ്യത്തെ പള്ളി. ചെറിയ പള്ളിയിൽനിന്നുള്ള വൈദികരാണ് ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നത്. ഉപ്പൂട്ടിൽ യാക്കോബ് കത്തനാരാണ് ഈ പള്ളിയുടെ പ്രഥമ വികാരി.

7–4–1928 ൽ ബഹു. അച്ചൻ ദിവംഗതനായി. 1905–ൽ ഇടവകാംഗമായ പുളിക്കപ്പറമ്പിൽ പുന്നൂസ് കത്തനാർ വികാരിയായി ചുമതലയേറ്റു. 7–4–1939–ൽ പുളിക്കപ്പറമ്പിൽ വന്ദ്യ പുന്നൂസ് കത്തനാർ ദിവംഗതനായി. അതിനുശേഷം 1941 വരെ സമീപ ഇടവകയിലെ വൈദികരാണ് ഈ പള്ളിയിൽ സേവനം അനുഷ്ഠിച്ചിരുന്നത്. 1941 മുതൽ 1944 വരെ ഓമല്ലൂർ വി.സി. ശാമുവേൽ മല്പാൻ അച്ചൻ പള്ളി വികാരിയായിരുന്നു. 1945 ആഗസ്റ്റ് 3–ാം തീയതി പള്ളി ഇടവകാംഗമായ പുളിക്കപ്പറമ്പിൽ വന്ദ്യ പി.പി. ജോസഫ് അച്ചൻ വികാരിയായി ചുമതലയേറ്റു. 1945 മുതൽ 2003 നവംബർ 30–ാം തീയതി ദിവംഗതനാകുന്നതുവരെ ഈ പള്ളി വികാരിയായിരുന്നു. സി.എം.എസ്. കോളേജ് വൈസ് പ്രിൻസിപ്പൽ, തിരുവാർപ്പ് പഞ്ചായത്ത് പ്രസിഡന്റ്, കോറെ

പ്പിസ്കോപ്പ, ഭദ്രാസന സെക്രട്ടറി, സഭാ വൈദിക ട്രസ്റ്റി എന്നീ നിലകളിൽ സഭാ സാമൂഹികരംഗങ്ങളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. പാത്രിയർക്കീസ് ബാവായിൽ നിന്ന് കോറൂസോ ദശ്റോറോ എന്ന സ്ഥാനം ലഭിച്ചിട്ടുണ്ട്.

1964–ൽ പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും 1982 ൽ പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായും ഈ പള്ളി സന്ദർശിച്ച് ഇടവകാംഗങ്ങളെ അനുഗ്രഹിച്ചിട്ടുണ്ട്. ഈ ഇടവകയിൽ രണ്ട് സൺഡേസ്കൂൾ ഭംഗിയായി നടന്നു വരുന്നു. 1959 –ൽ പള്ളിവക തെക്കേക്കര സെന്റ് തോമസ് സൺഡേ സ്കൂളിന്റെ മുൻഭാഗത്ത് ഒരു കുരിശിൻതൊട്ടി പണിതുയർത്തി. പള്ളിക്ക് രണ്ടാമതായി ഒരു കുരിശിൻതൊട്ടി എനാദി കവലയിൽ പുളിക്കപ്പറമ്പിൽ പരേതനായ പി.റ്റി. ജോൺ ദാനമായി നൽകിയ സ്ഥലത്ത് പറമ്പിൽ ശാന്തമ്മ കുര്യന്റെ ഓർമ്മയ്ക്കായി പി.കെ. ജേക്കബിന്റെ കുടുംബം നിർമ്മിച്ചു നൽകി. ഇപ്പോൾ ഈ പള്ളിയിൽ 430–ൽ പരം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. ഈ ഇടവകയിൽ നിന്നും പുളിക്കപ്പറമ്പിൽ ഫാ. പി.റ്റി. തോമസ്, ഫാ. സാജൻ വി. ഏബ്രഹാം വടശ്ശേരിൽ, ഫാ. ജോൺ ഐപ്പ് മങ്ങാട്ട് എന്നിവർ പട്ടക്കാരായി മറ്റ് ഇടവകകളിൽ സേവനമനുഷ്ഠിച്ചു വരുന്നു.

1980 ജനുവരി മുതൽ വെരി. റവ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ കിഴക്കേടത്ത്, റവ. ഫാ. മർക്കോസ് മല്ലുകാട്ട്, റവ. ഫാ. തോമസ് കെ. ഇട്ടി കുന്നത്തയ്യാട്ട്, വെരി. റവ. ഫീലിപ്പോസ് കോറെപ്പിസ്കോപ്പ കോട്ടപ്പുറത്ത്, റവ.ഫാ. ജേക്കബ് മാത്യു  കോമടത്തുശ്ശേരിൽ, വെരി. റവ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ മൂലയിൽ  എന്നീ വൈദികർ സഹവികാരിമാരായും ജോസഫ്  കോറെപ്പിസ്കോപ്പാ അച്ചന്റെ നിര്യാണത്തിനു ശേഷം റവ. ഫാ. തോമസ് വേങ്കടത്ത് വികാരിയായും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ റവ. ഫാ. സഖറിയ മൈലപ്പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org